LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2014-15 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശഭരണ വകുപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ വകയിരുത്തിയ പദ്ധതികളുടെ അടങ്കൽ തുകയുടെയും ചെലവഴിച്ച തുകയുടെയും ചെലവുണ്ടാകാത്ത പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിലെ പുതിയ പഞ്ചായത്തുകൾ

155 (5508) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര പഞ്ചായത്തുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് : ഈ പഞ്ചായത്തുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

2015 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കാസർഗോഡ് ജില്ലയിൽ പരപ്പ, മാണിക്കോത്ത്, പനയാൽ, കളനാട്-ചെമ്മനാട് എന്നീ 4 പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

156 (5509) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) താൽക്കാലികമായി നിയമനം നേടുന്നവർ പിന്നോക്ക ജില്ലയായ കാസർഗോഡ് വന്ന് ജോലി ചെയ്യാൻ വൈമനസ്യം കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ :

(സി) കാസർഗോഡിന്റെ പ്രത്യേക പരിഗണന വച്ച് കളക്ടർ ചെയർമാൻ ആയുള്ള ഒരു കമ്മറ്റിക്കു പ്രസ്തുത തസ്തികകൾ ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെക്കൊണ്ട് നികത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ : വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.